കേരള സർക്കാർ

തദ്ദേശഭരണ (എൽ) വകുപ്പ്

നം.4349/എൽ 3/98/ത.ഭ.വ തിരുവനന്തപുരം, തീയതി. 28-03-98

സർക്കുലർ

വിഷയം:- തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ - കന്നുകാലികളേയും കന്നുകാലിത്തീറ്റയും വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ - നിശ്ചയിക്കുന്നു.

മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട പല പദ്ധതികളിലും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കന്നുകാലികളെയും വളർത്തു പക്ഷികളെയും അവയ്ക്കുള്ള തീറ്റയും വാങ്ങുന്നതിന് ആവശ്യമായി വരുന്നുണ്ട്. ഇതിനായി ലളിതമായ ഒരു നടപടിക്രമം നിശ്ചയിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നു. സർക്കാർ ഇക്കാര്യം പരിശോധിച്ചശേഷം താഴെ പറയുന്ന നടപടിക്രമങ്ങൾ നിശ്ചയിച്ചിരിക്കുന്നു.

1. പശു, എരുമ, തുടങ്ങിയ വലിയ ഇനം മൃഗങ്ങളെ വാങ്ങുമ്പോൾ ഗുണഭോക്താക്കൾ സ്വയം, ബന്ധപ്പെട്ട വെറ്ററിനറി ഡോക്ടറുടെ സഹായത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന സഹായധനം ഉപയോഗിച്ച് വളർത്തുമൃഗങ്ങളെ വാങ്ങേണ്ടതാണ്. തദ്ദേശീയമായാണ് മൃഗങ്ങളെ വാങ്ങുന്നതെങ്കിൽ അവയുടെ വില വിൽപ്പനക്കാരന് നേരിട്ട് നൽകാവുന്നതാണ്. എന്നാൽ ഇവ വാങ്ങുന്നത് ബാഹ്യസ്രോതസ്സുകളിൽ നിന്നാണെങ്കിൽ രണ്ടാം ഖണ്ഡികയിൽ വിവരിച്ചിരിക്കുന്ന ഗുണഭോക്തൃ സമിതിയുടെ സഹായത്തോടെ മാത്രമേ വാങ്ങാവൂ.

2. പന്നി, ആട്, മുയൽ, വളർത്തുപക്ഷികൾ എന്നിവയെ വാങ്ങുന്നതിനായി, ധനസഹായത്തിനായി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താകളിൽ നിന്നും അവരാൽ തെരഞ്ഞെടുക്കപ്പെട്ട ഒരു അഞ്ചംഗ ഗുണഭോക്തൃസമിതി രൂപീകരിച്ച് ടി സമിതി മുഖേന വിലയ്ക്ക് വാങ്ങേണ്ടതാണ്. ബന്ധപ്പെട്ട പ്രദേശത്തെ മൃഗഡോക്ടറും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭരണസമിതി അതിന്റെ അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരു പ്രതിനിധിയും ഗുണഭോക്തൃസമിതിയ്ക്ക് ഇക്കാര്യത്തിൽ വേണ്ട സഹായം നൽകേണ്ടതാണ്.

3. കാലിത്തീറ്റ/കോഴിത്തീറ്റ വാങ്ങുന്നതിനായി : കാലിത്തീറ്റ കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിൽ (മിൽമ) നിന്നോ കേരള ഫീഡ്സ് ലിമിറ്റഡിൽ നിന്നോ മാത്രം വാങ്ങേണ്ടതാണ്. കോഴിത്തീറ്റ, പന്നികൾക്കുള്ള തീറ്റ എന്നിവ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിൽ നിന്നോ മൃഗസംരക്ഷണ വകുപ്പ്, കാർഷിക സർവ്വകലാശാല, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ നടത്തുന്ന ഫാമുകളിൽ നിന്നോ മാത്രവും വാങ്ങേണ്ടതാണ്. ഇപ്രകാരം കാലിത്തീറ്റ/കോഴിത്തീറ്റ വാങ്ങുന്നതിന് ടെണ്ടർ സമ്പ്രദായം അനുവർത്തിക്കേണ്ടതില്ല.

എസ്. എം. വിജയാനന്ദ്
സെക്രട്ടറി
തദ്ദേശഭരണവകുപ്പ്